**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2907** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ നീല സമ്പദ്‌വ്യവസ്ഥ നയത്തിലെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമുദ്രസമ്പത്ത് വിദേശ കപ്പലുകൾ കൊള്ളയടിക്കുന്നത് തടയാൻ രൂപീകരിച്ച കോസ്റ്റൽ സർവൈലൻസ് യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 'നീല സമ്പദ്‌വ്യവസ്ഥ'നയത്തിൽ ലഭിക്കേണ്ട പങ്കാളിത്തത്തെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിലാണ് സംസ്ഥാനങ്ങളുടെ അധികാരപരിധി. ആ മേഖലയിൽ വിദേശ മത്സ്യബന്ധന കപ്പലുകളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംസ്ഥാന തീരക്കടലിൽ Kerala Marine Fishing Regulation Act, 1980 പ്രകാരം ഫിഷറീസ് വകുപ്പിന്റെ Marine Enforcement Wingയും Coastal Police യൂണിറ്റുകളും ചേർന്ന് പരിശോധന, പട്രോളിംഗ്, നിയമലംഘനങ്ങൾക്കെതിരായ നടപടി എന്നിവ നടത്തുന്നു. Master Control Room-Zonal Control Room ഏകോപന സംവിധാനവും നിലവിലുണ്ട്. ഇങ്ങനെ വിവിധ ഏജൻസികളുടെ സംയുക്ത പ്രവർത്തനത്തിലൂടെ അനധികൃത മത്സ്യബന്ധനം തടയുന്നതിനും സംസ്ഥാനത്തിന്റെ സമുദ്രസമ്പത്ത് സംരക്ഷിക്കുന്നതിനും ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾ സജീവമായി പ്രവർത്തിച്ചുവരുന്നു.<br><br>സമുദ്ര വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിലൂടെ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനാണ് നീല സമ്പദ് വ്യവസ്ഥ ലക്ഷ്യമിടുന്നത്. നീല സമ്പദ് വ്യവസ്ഥയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നയപരമായും പ്രായോഗികമായും പങ്കാളിത്തം ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. അക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര മത്സ്യബന്ധന രീതികളിലും, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകളിലും, സമുദ്ര സംരക്ഷണ പ്രവർത്തനങ്ങളിലും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലും എല്ലാം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പങ്കാളിത്തം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സർക്കാരിന്റെ നീല സമ്പദ് വ്യവസ്ഥ നയം വിജയകരമാകണമെങ്കിൽ |

| | | | |
|---|---|---|---|
| | | | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ നിർണായക പങ്കാളികളായി ഉൾപ്പെടുത്തുകയും, അവരുടെ അവകാശങ്ങളും ജീവിതോപാധിയും ഉറപ്പാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. |
| (ബി) | വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്ന കേന്ദ്ര നയത്തിനെതിരെ സ്വീകരിച്ച നിയമപരമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ആഴക്കടൽ മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ നിലനിൽപ്പിനെ സംബന്ധിച്ച ഗൗരവമായ ആശങ്കകൾ സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് മുൻഗണന ലഭിക്കുന്ന രീതിയിലുള്ള ഉടമസ്ഥാവകാശ നിർവചനങ്ങളെ സംസ്ഥാനം ശക്തമായി എതിർക്കുകയും, 'ഉടമ' എന്ന പരിധിയിൽ നിന്ന് ഇത്തരം കമ്പനികളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പ്രധാനമായും, കടലിൽ വെച്ച് തന്നെ മത്സ്യം കൈമാറുന്ന 'മിഡ്-സീ ട്രാൻസ്ഷിപ്പ്മെന്റ്' രീതി സുരക്ഷാ ഭീഷണി ഉയർത്തുന്നതിനൊപ്പം പ്രാദേശിക ഹാർബറുകളിലെ തൊഴിൽ സാധ്യതകളെ ഇല്ലാതാക്കുമെന്നും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ആർ.ബി.ഐ (RBI) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മിഡ്-സീ ട്രാൻസ്ഷിപ്പ്മെന്റ് അനുവദിക്കുകയും കോർപ്പറേറ്റ് പങ്കാളിത്തം നിലനിർത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ വരുമാനം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ പങ്കുവെക്കണമെന്നും അപ്പീൽ അതോറിറ്റിയായി അതാത് ജില്ലാ കളക്ടർമാരെ നിയമിക്കണമെന്നുമുള്ള കേരളത്തിന്റെ നിർദ്ദേശങ്ങൾ ഫെഡറൽ തത്വങ്ങൾ സംരക്ഷിക്കുന്നതിനും സാധാരണക്കാരായ തൊഴിലാളികൾക്ക് നീതി ഉറപ്പാക്കുന്നതിനും അത്യന്താപേക്ഷിതമാണെന്ന് അടിവരയിടുന്നു. മത്സ്യസമ്പത്ത് ദീർഘകാലമായി നിലനിൽക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ സംസ്ഥാന സർക്കാർ ആവർത്തിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേരളതീരത്ത് നിന്ന് ലഭിക്കുന്ന മത്സ്യസമ്പത്ത് സംസ്ഥാനത്തിന്റെ പ്രകൃതിവിഭവം എന്ന നിലയിൽ സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാർ നിയമപരമായി നടത്തിവരുന്നു. ഈ ഇടപെടലുകൾ കേന്ദ്ര–സംസ്ഥാന അധികാര വിഭജനം മാനിച്ചും, സുസ്ഥിരതയും ഉപജീവന സുരക്ഷയും മുൻനിർത്തിയും ആണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച The Sustainable Harnessing of Fisheries in the Exclusive Economic Zone Rules, 2025 പ്രകാരം, ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിലെ (EEZ) മത്സ്യബന്ധന നിയന്ത്രണം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.<br><br>അതേസമയം, തീരക്കടൽ മേഖലയിൽ (Territorial Waters) മത്സ്യസമ്പത്തിന്റെ ഉടമസ്ഥതയും നിയന്ത്രണവും സംസ്ഥാന സർക്കാരുകൾക്കാണ്. കേരളത്തിൽ ഇത് കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്റ്റ് (KMFRA) മുഖേനയാണ് നടപ്പാക്കുന്നത്. KMFRA പ്രകാരം, ട്രോളിംഗ് നിരോധന കാലയളവ്, പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങളുടെ സംരക്ഷണം, യാനങ്ങളുടെ രജിസ്ട്രേഷൻ–ലൈസൻസിംഗ്, മത്സ്യബന്ധന മേഖലകളുടെ വിഭജനം എന്നിവ വഴി കേരളതീരത്തെ മത്സ്യസമ്പത്ത് സംസ്ഥാനത്തിന്റെ പ്രകൃതിവിഭവമായി സംരക്ഷിക്കുന്നതിനുള്ള കർശനമായ നിയമ ഇടപെടലുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ